GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## Press Release

PR.45/2026 03.06.2026

**കേരള കർഷകൻ ജൂൺ ലക്കം മുഖ്യമന്ത്രി പ്രകാശനം ചെയ്തു**

തിരുവനന്തപുരം: കൃഷി വകുപ്പിന്റെ പ്രസിദ്ധീകരണമായ *കേരള കർഷകൻ* മാസികയുടെ ജൂൺ ലക്കം മുഖ്യമന്ത്രി വി. ഡി. സതീശൻ പ്രകാശനം ചെയ്തു. നിയമസഭയിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇന്നലെ (02.06.2026) നടന്ന ചടങ്ങിൽ കൃഷി മന്ത്രി ടി. സിദ്ധിഖിന് ആദ്യ പ്രതി കൈമാറിക്കൊണ്ടായിരുന്നു പ്രകാശനം.

**'നന്നായി തുടങ്ങാം നടീൽ കാലം'** എന്ന പ്രമേയത്തെ ആസ്പദമാക്കി തയ്യാറാക്കിയിരിക്കുന്ന ഈ പ്രത്യേക പതിപ്പിൽ നടീൽ കാലത്തിനായുള്ള മുന്നൊരുക്കങ്ങൾ, കൃഷിരീതികൾ, പരിപാലന മാർഗങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷി മന്ത്രിയുടെയും, മുഖ്യമന്ത്രിയുടെയും കർഷകർക്കുള്ള സന്ദേശങ്ങൾ പ്രത്യേകമായി ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*'നെൽകൃഷി ലാഭകരമാക്കും', 'വാണിജ്യ ഫലകൃഷി ശ്രദ്ധിക്കാനേറെ', 'വീണ്ടെടുക്കാം കേരസമൃദ്ധി', 'ഓണത്തിന് നടാം പച്ചക്കറികൾ'* തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങൾ ഉൾക്കൊള്ളുന്ന മാസിക കർഷകർക്കും കാർഷിക മേഖലയിൽ താൽപര്യമുള്ളവർക്കും ഉപകാരപ്രദമായ വിവരങ്ങളാണ് നൽകുന്നത്.

മാസികയുടെ ഒരു പ്രതിയുടെ വില 20 രൂപയും വാർഷിക വരിസംഖ്യ 200 രൂപയുമാണ്. വരിക്കാരാകുന്നതിനും കൂടുതൽ വിവരങ്ങൾക്കും 8078095860, 9383470288 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**